പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5650 02.07.2014 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുൾപ്പെടെയുള്ള ആശുപത്രികളിലെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി കെ. എസ്. സലീഖ.** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മെഡിക്കൽ കോളേജുകൾ അടക്കമുള്ള സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലും എത്ര ഒഴിവുകൾ വീതമുണ്ടായിരുന്നുവെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; ആയതിൽ എത്രയെണ്ണം ഓരോ വിഭാഗത്തിനും ഇപ്പോൾ നികത്തി; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി ഡോക്ടർ മാരുടെ 279 ഒഴിവുകളും, നഴ്സമാരുടെ 493 ഒഴിവുകളും, ലാബ് അസിസ്റ്റന്റുമാരുടെ 13 ഒഴിവുകളും നിലവിലുണ്ടായിരുന്നു. ഇതിൽ 16 ഡോക്ടർമാരുടെയും, 306 നഴ്സമാരുടെയും, 8 ലാബ് അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. നഴ്സമാരുടെ ഒഴിവുകളി-ലെല്ലാം തന്നെ ബോണ്ടഡ് നഴ്സമാർ ജോലി ചെയ്യുന്നുണ്ട്. ആരോഗ്യവകുപ്പിനെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) നിലവിൽ സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിനും എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ 351 ഡോക്ടർമാരുടെയും, 813 നഴ്സമാരുടെയും, 8 ലാബ് അസിസ്റ്റന്റ്-മാരുടെയും ഒഴിവുണ്ട്. ഒഴിവുള്ള നഴ്സ് തസ്തികകളിലെല്ലാം തന്നെ ബോണ്ടഡ് സ്റ്റാഫ് നഴ്സമാർ ജോലി ചെയ്യുന്നുണ്ട്.<br>ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രി-കളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br>1. അസിസ്റ്റന്റ് സർജൻ - 116<br>2. സിവിൽ സർജൻ - 39<br>3. സ്പെഷ്യാലിറ്റി കേഡർ - 425<br>4. അഡ് മിനിസ്ട്രേറ്റീവ് കേഡർ - 3<br>5. സ്റ്റാഫ് നഴ്സ് ഗ്രേഡ് - 1 - 294<br>6. സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 - 356<br>7. ഹെഡ് നഴ്സ് - 90<br>8. ലാബ് അസിസ്റ്റന്റ് - വിവരം ശേഖരിച്ച് നൽകുന്നതാണ് |

| | | |
|---|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മെഡിക്കൽ കോളേജുകൾ അടക്കമുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജോലി നോക്കി വന്നിരുന്ന ഡോക്ടർമാർ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലുമുള്ള എത്രപേരെ സർവ്വീസിൽ നിന്നും പുറത്താക്കി; അവർ ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും 7 ഡോക്ടർമാരെ സർവ്വീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. മറ്റ് തസ്തികകളെയും, ആരോഗ്യ വകുപ്പിനെയും സംബന്ധിയ്ക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) നിലവിൽ മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണം എത്ര; ഇതിന്റെ എത്ര ഇരട്ടിയാണ് സർക്കാർ ആശുപത്രികളിൽ കിടന്ന് ചികിത്സ തേടിവരുന്നത്; ഡോക്ടർമാരുടെ അഭാവം ഇവരുടെ ചികിത്സയെ ബാധിക്കുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി 9512 കിടക്കകളാണ് നിലവിലുള്ളത്. ഇതിന്റെ ഇരട്ടിയോളം ആൾക്കാർ നിലവിൽ കിടന്നു ചികിത്സ തേടി വരുന്നുണ്ട്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഡോക്ടർ - വിദ്യാർത്ഥി അനുപാതം പാലിച്ചിട്ടുണ്ട്.<br>മറ്റ് സർക്കാർ ആശുപത്രികളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ) കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ, എൻട്രി കേഡറിൽ പി.എസ്.സി. നിയമനം വഴിയും, മറ്റുള്ള തസ്തികകളിൽ പ്രൊമോഷൻ വഴിയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ